68 (1612) കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല എൻട്രൻസ് പരീക്ഷ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല 1999 മേയ് മാസത്തിൽ നടത്തിയ ബി.ടെക്. എൻട്രൻസ് കോമൺ സബ്മിഷൻ ടെസ്റ്റ് പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് പരാതി ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ (ഗേൾസ്) പരീക്ഷ എഴുതിയ 300 കുട്ടികളിൽ ഒരാൾപോലും റാങ്ക് ലിസ്റ്റിൽ (1 മുതൽ 4000 വരെ) ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) തൃശൂർ സെന്ററിൽ നിന്ന് 30001 മുതൽ 30300 വരെയുള്ള (റോൾ നമ്പർ) കുട്ടികളുടെ ഉത്തരക്കടലാസുകൾ കംപ്യൂട്ടർ പരിശോധനയിൽ വിഷയങ്ങൾ മാറിപ്പോയത് ശരിയാണോ; എങ്കിൽ വീണ്ടും മൂല്യനിർണ്ണയം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കൊച്ചി യൂണിവേഴ്സിറ്റി നടത്തിയ എൻട്രൻസ് പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരീക്ഷാ പേപ്പറുകൾ പുനർ മൂല്യനിർണ്ണയം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(സി) ശരിയാണ്. സത്വര നടപടികൾ യൂണിവേഴ്സിറ്റി സ്വീകരിച്ചുവരുന്നു.

(ഡി) അന്വേഷണം നടത്തുന്നതിന് മൂന്നു പേരടങ്ങിയ ഒരു സിൻഡിക്കേറ്റ് സബ് കമ്മിറ്റിയെ യൂണിവേഴ്സിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്.

69 (1613) കൊച്ചി സർവ്വകലാശാലയിലെ നിയമനങ്ങളിലെ സംവരണം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സർവ്വകലാശാലയിൽ അദ്ധ്യാപക-അദ്ധ്യാപകേതര വിഭാഗങ്ങളിലായി എത്ര ജീവനക്കാരുണ്ട്;

(ബി) സംവരണ വ്യവസ്ഥ അനുസരിച്ച് ഓരോ വിഭാഗത്തിലും എത്ര പേർ വീതം ഉണ്ട്;

(സി) എത്ര പേർ ഉണ്ടാകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്; ഏതെങ്കിലും വിഭാഗത്തിന്റെ പ്രതിനിധികൾ ഇല്ലാതായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly